## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3213 — 21.6.2013-ൽ മറുപടിക്ക്

### ശുചിത്വമിഷൻ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.എസ്.സലീഖ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |

എ) മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് 'ശുചിത്വമിഷൻ' വഴി ഈ സർക്കാർ എന്ത് പ്രവർത്തനങ്ങളാണ് നടപ്പാക്കികൊണ്ടിരിക്കുന്നത് ; വിശദമാക്കുമോ ;

എ) ഗ്രാമപഞ്ചായത്ത്, മുൻസിപ്പൽ കോർപ്പറേഷൻ വാർഡുകൾക്ക് 10,000 രൂപ വീതം മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് ശുചിത്വമിഷൻ മുഖേനെ സർക്കാർ അനുവദിച്ചിട്ടുണ്ട്.

താഴെ പറയുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്.

- റോഡുകൾ, ഓടകളുടെ വൃത്തിയാക്കൽ
- തോട്, കുളം, കിണർ തുടങ്ങിയവയുടെ വൃത്തിയാക്കൽ
- വെള്ളക്കെട്ട് ഒഴിവാക്കൽ
- ജലസ്രോതസുകൾ വൃത്തിയാക്കൽ
- ടാങ്കുകൾ വൃത്തിയാക്കൽ
- വെള്ളം കെട്ടി നിൽക്കാൻ സാദ്ധ്യതയുള്ള സാഹചര്യം ഒഴിവാക്കൽ
- നിശ്ചിത മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് ബാഗുകൾ നിരോധിക്കുന്നതിനുള്ള നടപടികൾ, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ സംഭരണവും, സംസ്കരണ നടപടികളും
- കുറ്റിച്ചെടിയും മറ്റും മാറ്റൽ
- എലി, മൃഗങ്ങൾ തുടങ്ങിയ വഴി ഉാകാവുന്ന രോഗങ്ങളെ പ്രതിരോധിക്കൽ
- ഉറവിട മാലിന്യ സംസ്കരണവും, സംയോജിത മാലിന്യ സംസ്കരണ പദ്ധതികളും തയ്യാറാക്കൽ
- പ്രോജക്ടുകൾ നിർണ്ണയിച്ച് ഫണ്ടും വകയിരുത്തി കർമ്മപദ്ധതി അംഗീക

രിക്കുന്ന നിർവ്വഹണ ഏജൻസിക
ളേയും നിശ്ചയിക്കണം

| | | | |
|---|---|---|---|
| ബി) | 'ശുചിത്വ മിഷൻ' പ്രവർത്തനം ഫല പ്രദമല്ല എന്നത് ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | ബി) | ഇല്ല. |
| സി) | 'ശുചിത്വമിഷൻ' പ്രവർത്തന ങ്ങൾക്കായി ഈ സർക്കാർ ഓരോ വർഷവും എന്ത് തുക വീതം അനുവദിച്ചു; ഈതുകയിൽ എന്ത് തുക ചെലവാക്കി; എന്ത് തുക ലാപ്സായി; വ്യക്തമാക്കുമോ ; | സി) | അനുവദിച്ച തുകയും ചെലവാക്കിയ തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു. ശുചിത്വ മിഷന് സർക്കാർ അനുവദിച്ച തുക ഒന്നും ലാപ്സായിട്ടില്ല. |
| ഡി) | ദേശീയ ഗ്രാമീണ ആരോഗ്യദൗത്യ ത്തിന് കീഴിൽ ശുചിത്വമിഷന് എന്ത് തുക കേന്ദ്രസർക്കാർ അനുവദിച്ചു ; ആയതിൽ എന്ത് തുക ചെലവഴിച്ചു; എന്ത് തുക ലാപ്സായി ; 2011 മുതൽ 2013 വരെ കേന്ദ്ര സർക്കാ രിൽ നിന്നും ലഭിച്ച തും, ചെലവഴി ച്ചതും , ലാപ്സായതും എന്തു തുക വീതമെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ; | ഡി) | തുക അനുവദിച്ചിട്ടില്ല. |
| ഇ) | 'ശുചിത്വമിഷൻ' പ്രവർത്തനം കൂടു തൽ മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേ ശിക്കുന്നു; വ്യക്തമാക്കുമോ? | ഇ) | ശുചിത്വമിഷനിൽ തുടർ പദ്ധതികളാണ് നടപ്പാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വർഷം | അനുവദിച്ചു കിട്ടിയ തുക (കോടി) | ചെലവഴിച്ച തുക (കോടി) |
|---|---|---|
| 2010-11 | 9.10 | 8.79 |
| 2011-12 | 55.44 | 54.25 |
| 2012-13 | 65.5 | 41.83 |
| 2013-14 | 14.64 | 1.48 |

സെക്ഷൻ ഓഫീസർ